**പതിമൂന്നാം കേരളനിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 1899** — **17.06.2013 -ലെ മറുപടിക്ക്**

# കോൺഗ്രസ് പ്രവർത്തകൻ വെട്ടേറ്റ് മരിച്ച സംഭവം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കോടിയേരി ബാലകൃഷ്ണൻ** | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ **(ബഹു: ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി)** |
| (എ) കോൺഗ്രസിലെ ഗ്രൂപ്പ് വഴക്ക് കാരണം സംസ്ഥാനത്തെ ക്രമസമാധാനനില താറുമാറായത് പരിശോധിച്ചിട്ടുണ്ടോ; | (എ) സംസ്ഥാനത്ത് ക്രമസമാധാനനില താറുമാറായിട്ടില്ല. |
| (ബി) തൃശ്ശൂർ അയ്യന്തോളിൽ കോൺഗ്രസ്സ് പ്രവർത്തകൻ വെട്ടേറ്റു മരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) ഉണ്ട്. |
| (സി) എങ്കിൽ വെട്ടേറ്റു മരിച്ച ആളുടെ പേരും കോൺഗ്രസ്സിൽ വഹിച്ചിരുന്ന സ്ഥാനവും വ്യക്തമാക്കുമോ; | (സി) മധു ഈച്ചരത്ത്, S/o. ബാലകൃഷ്ണൻ നായർ. കൊല്ലപ്പെട്ട മധു ഈച്ചരത്ത് കോൺഗ്രസിന്റെ അയ്യന്തോൾ മണ്ഡലം സെക്രട്ടറിയായിരുന്നു. |
| (ഡി) പ്രസ്തുത കൊലപാതക കേസിൽ എത്ര പ്രതികളെ പിടികൂടിയെന്നും എത്ര പ്രതികളെ പിടികൂടാനുണ്ടെന്നും വ്യക്തമാക്കുമോ; | (ഡി) പ്രസ്തുത കൊലപാതക കേസിൽ 7 പ്രതികൾ ഉള്ളതിൽ എല്ലാ പ്രതികളെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഇ) | പ്രസ്തുത പ്രതികളുടെ രാഷ്ട്രീയ കക്ഷി ബന്ധവും പ്രതികൾ ആ കക്ഷിയിൽ ഏതൊക്കെ സ്ഥാനങ്ങൾ വഹിക്കുന്നവരാണെന്നും വിശദമാക്കുമോ; | (ഇ) | പ്രവീൺ, S/o. പരമേശ്വരൻ - യൂത്ത് കോൺഗ്രസ്സിന്റെ ബൂത്ത് പ്രസിഡന്റ് ആയിരുന്നു. പ്രേംജി പ്രേംജി, S/o. ജോർജ്ജ് - യൂത്ത് കോൺഗ്രസ്സിന്റെ മണ്ഡലം പ്രസിഡന്റ് ആയിരുന്നു. മറ്റുള്ള പ്രതികൾ എല്ലാം കോൺഗ്രസ്സ് അനുഭാവികളാണ്. |
| (എഫ്) | വെട്ടേറ്റു മരിച്ച കോൺഗ്രസ്സ് പ്രവർത്തകന്റെ ശവസംസ്കാര ചടങ്ങിലോ, അദ്ദേഹത്തിന്റെ വീട്ടിലോ, കുടുംബത്തെ ആശ്വസിപ്പിക്കാൻ മുഖ്യമന്ത്രിയോ, സംസ്ഥാന മന്ത്രിമാരോ, കേന്ദ്ര സഹമന്ത്രിമാരോ സന്ദർശനം നടത്തിയിട്ടുണ്ടോ; | (എഫ്) | വെട്ടേറ്റു മരിച്ച ദിവസം കോൺഗ്രസ്സ് പ്രവർത്തകന്റെ വീട്ടിൽ ബഹു: സഹകരണ മന്ത്രി ശ്രീ. സി.എൻ. ബാലകൃഷ്ണൻ സന്ദർശനം നടത്തിയിട്ടുണ്ട്. |
| (ജി) | ഉണ്ടെങ്കിൽ എത്ര തവണ സന്ദർശിച്ചെന്ന് വിശദമാക്കാമോ? | (ജി) | ഒരു തവണ. |

സെക്ഷൻ ഓഫീസർ